# എൻ.എ.പി.എം. ജനറൽ ബോഡിയിലേക്ക് സ്വാഗതം

## നവംബർ 9,10 പൻവേൽ (മുംബൈ)

സുഹൃത്തെ,

കഴിഞ്ഞ കുറേക്കാലമായി താങ്കൾ എൻ.എ.പി.എം.ൽ പങ്കാളിയായോ അഭ്യുദയകാംക്ഷിയായോ ബന്ധപ്പെട്ട് വരികയാണല്ലോ. പത്തിന നയങ്ങൾ രൂപീകരിച്ചുകൊണ്ട് 1996 ലാണ് ഒരു സമ്പൂർണ്ണ സഖ്യമായി വാർദ്ധയിലെ സേവാഗ്രാം ആശ്രമത്തിൽ വച്ച് ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം പ്രവർത്തനം ആരംഭിക്കുന്നത്. അനേകം ജനകീയ പ്രസ്ഥാനങ്ങളെയും സംഘടനകളെയും വ്യക്തികളെയും പലപ്പോഴായി ഈ കൂട്ടായ്മയുടെ ഭാഗമായി കൊണ്ടു വരാനും സമരങ്ങളിലൂടെയും പ്രചരണ പരിപാടികളിലൂടെയും അടിസ്ഥാന വിഷയങ്ങളെയും പ്രശ്നങ്ങളെയും ഉയർത്തിക്കൊണ്ടു വരാനും വിജയിപ്പിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. കയറ്റിറക്കങ്ങളുടെ ഒരു യാത്രയായിരുന്നു അതെന്ന് പറയാം. എൻറോണിനെതിരായ സമരം, പന്നാ മുക്ത ഓയിൽ ഫീൽഡുമായി ബന്ധപ്പെട്ട അഴിമതി, ദേശ് ബചാവോ ദേശ് ബനാവോ അഭിയാൻ, പ്ലാച്ചിമട സമരം, ഉമർഗാവിലെ പോർട്ടിനെതിരായ സമരം, നന്ദിഗ്രാം തുടങ്ങിയ സെസ്സുകൾ, അന്യായമായ കുടിയൊഴിക്കലിനെതിരെ രാജ്യമെങ്ങും നടക്കുന്ന സമരങ്ങൾ തുടങ്ങിയ അനേകം പ്രശ്നങ്ങളിൽ നമുക്ക് ഫലപ്രദമായി ഇടപെടാനും വിജയിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. അസംഘടിത മേഖലയിലെ പ്രശ്നങ്ങൾ, ദളിതർക്കും ന്യൂനപക്ഷങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ, വർഗ്ഗീയതയ്ക്കെതിരായ പോരാട്ടം, ലിംഗ നീതിക്കായുള്ള പരിശ്രമങ്ങൾ തുടങ്ങിയവയെ സഹായിക്കാനും വ്യക്തമായ നിലപാടുകൾ കൈക്കൊള്ളാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ലോക ബാങ്കിന്റെയും ലോകവ്യാപാര സംഘടനയുടെയും ജനവിരുദ്ധ നില പാടുകളെ ചോദ്യം ചെയ്യാനും നമുക്ക് സാധിച്ചിട്ടുണ്ട്.

ദേശീയ സഖ്യം ആരംഭിക്കുമ്പോൾ സാമ്പത്തിക ഉദാരവത്ക്കരണ നയങ്ങൾ അതിന്റെ പ്രാരംഭ ദശയിലായിരുന്നു. കഴിഞ്ഞ പതിനാല് പതിനഞ്ച് വർഷത്തിനിടെ ചില വിജയങ്ങളൊക്കെ നേടാനായിട്ടുണ്ടെങ്കിലും സ്ഥിതിഗതികൾ അത്യന്തം വഷളായിരിക്കുകയാണ്. വികസനത്തിന്റെ പേരിൽ നിന്ദ്യവും ക്രൂരവുമായ അതിക്രമങ്ങളാണ് കലിംഗനഗർ, നന്ദിഗ്രാം, റായ്ഗഡ് തുടങ്ങിയ ഇടങ്ങളിൽ അഴിച്ചുവിട്ടത്. ഛത്തീസ്ഗഢിൽ സൽവാജുഡം നടത്തുന്ന നരഹത്യകൾ, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലെ കർഷക ആത്മഹത്യകൾ.... ജനകീയ പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയും അനീതിക്കെതിരെ കൂട്ടായ ശബ്ദവും ഇവയെല്ലാം അനിവാര്യമാക്കുന്നു.

എൻ.എ.പി.എം. കൂട്ടായ്മ ഇനിയും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രശ്നങ്ങൾ പഠിക്കുകയും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും സമരങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. ഉത്തരവാദിത്തങ്ങൾ എല്ലാവരും പങ്ക് വച്ച് ഏറ്റെടുക്കേണ്ടതുണ്ട്. നമ്മുടെ ഇതു വരെയുള്ള പ്രവർത്തനങ്ങളെ വിലയിരു ത്താനുള്ള സമയമായി. നമ്മുടെ തീരു മാനങ്ങളെ മുറുകെ പിടിച്ചുകൊണ്ട് പുതിയ വെല്ലുവിളികളെ എങ്ങനെ നേരിടാൻ കഴിയുമെന്ന് ആലോചിക്കണം. കൂടുതൽ പ്രസ്ഥാനങ്ങളെയും വ്യക്തികളെയും പങ്കാളികളാക്കി കൊണ്ട് എൻ.എ.പി.എം.ന്റെ അടിത്തറ വികസിപ്പിക്കാൻ കഴിയണം. ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും തീരുമാനമെടുക്കുന്നതിനുമായി എൻ.എ.പി.എം. ജനറൽ ബോഡി മുംബൈയ്ക്കടുത്തുള്ള പനവേലിൽ വച്ച് ചേരുന്നു. ( യൂസഫ് മെഹറള്ളി സെന്റർ, വില്ലേജ് താര, പൻവേൽ, റായ്ഗഡ്)

സുപ്രധാനമായ ഈ ജനറൽ ബോഡി യോഗത്തിലേക്ക് താങ്കളെ ഹാർദ്ദവമായി ക്ഷണിക്കുന്നു.

ആദരവോടെ,

മേധാപട്ക്കർ,
സന്ദീപ് പാണ്ഡെ (ഉത്തരപ്രദേശ്)
മുക്താ ശ്രീവാസ്തവ (മഹാരാഷ്ട്ര)
ആനന്ദ് മസ്ഗാവോങ്കർ (ഗുജറാത്ത്)
ഗീതാ രാമകൃഷ്ണൻ (തമിഴ്നാട്)
പി.ചെന്നയ്യ (ആന്ധ്രാ പ്രദേശ്)

കൂടുതൽ വിവരങ്ങൾക്ക് :
ജിയോജോസ്, ഫോൺ : 9446000701

## ജോൺസിയ്ക്ക് പ്രണാമം



കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനത്തിലെ ഗുരുസ്ഥാനീയനും ചിന്തകളിലും പ്രവർത്തനങ്ങളിലും പ്രവാചക തുല്യം മുമ്പെ നടന്ന പ്രൊഫ. ജോൺസി ജേക്കബിന്റെ നിര്യാണത്തിൽ ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം (എൻ.എ.പി.എം.) അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ ജോൺസിയുടെ വേർപാട് കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്കും കൂട്ടായ്മകൾക്കും തീരാ നഷ്ടമാണ ഉണ്ടാക്കിയിരിക്കുന്നതെന്ന് ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മ നമ്മുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനമാവട്ടെ എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

**പ്രത്യേക സാമ്പത്തിക മേഖലകൾക്ക് (SEZs) അനുമതി നല്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജിയോ ജോസ് , ടി. പീറ്റർ, ഫാ. അഗസ്റ്റിൻ എന്നിവരടങ്ങുന്ന എൻ.എ.പി.എം. പ്രതിനിധി സംഘം സി.പി.ഐ. സംസ്ഥാന സെക്രട്ടറി ശ്രീ. വെളിയം ഭാർഗ്ഗവനെ സന്ദർശിച്ച് സെപ്തംബർ 17 ന് ചർച്ച നടത്തി. സെസ്സിനെ സംബന്ധിച്ച് സി.പി.ഐ. നിയോഗിച്ച സെസ്സ് പഠന സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. കാനം രാജേന്ദ്രൻ എം.എൽ.എയ്ക്ക് എൻ.എ.പി.എം. നിവേദനം നൽകുകയും ചെയ്തു. നിവേദനത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.**

സർ,

പ്രത്യേക സാമ്പത്തിക മേഖലകൾക്ക് (SEZs)വ്യക്തമായ നിയമവും നിയന്ത്രണങ്ങളുമില്ലാതെ അനുമതി നൽകാനുള്ള സർക്കാരിന്റെ നിലപാടിൽ ജനകീയ പ്രസ്ഥാനങ്ങളുടെ ആശങ്ക അറിയിക്കുന്നു. സെസ്സുകൾ നമ്മുടെ രാഷ്ട്രത്തിന്റെ പരമാധികാരത്തിനും ഭൂരിപക്ഷം ജനങ്ങളുടെ ക്ഷേമത്തിനും വിഘാതമായിരിക്കുമെന്നാണ് എൻ.എ.പി.എം.ന്റെ സുചിന്തിതമായ അഭിപ്രായം. സെസ്സുമായി ബന്ധപ്പെട്ട് നടന്നു വരുന്ന ചർച്ചകളിൽ നമ്മുടെ നാടിന്റെയും ജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനനുയോജ്യമായ നിലപാടുകൾ അങ്ങയുടെ പ്രസ്ഥാനം സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അങ്ങയുടെ / പാർട്ടിയുടെ സത്വര ശ്രദ്ധയ്ക്കും പരിഗണനയ്ക്കുമായി താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ വിനയപുരസ്സരം സമർപ്പിക്കുന്നു.

1. കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്ക് അനുസരിച്ച് ഒരു സെസ്സ് സംസ്ഥാന നിയമം പാസ്സാക്കിയതിനു ശേഷം മാത്രമേ പുതിയ സെസ്സുകൾക്ക് അനുമതി നൽകാവൂ. വിവിധ തലങ്ങളിൽ വേണ്ടത്ര ചർച്ചകൾക്കു ശേഷം മാത്രമേ കേരളത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല നിയമം രൂപീകരിക്കാവൂ.

2. തൊഴിൽ നിയമങ്ങൾ (Industrial dispute act, Minimum wages act, Workmen compensation act etc..) പ്രത്യേക സാമ്പത്തിക മേഖലകൾക്കും ബാധകമാക്കണം. തൊഴിലാളികൾക്കുള്ള ഇൻഷുറൻസ്, പി.എഫ്, സ്ത്രീ തൊഴിലാളികൾക്കുള്ള അവകാശങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തണം.

3. ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു നൽകിയിട്ടുള്ള അധികാര പരിധിയിൽ നിന്ന് സെസ്സിനെ ഒഴിവാക്കരുത്. സെസ്സ് സ്ഥാപിക്കുന്നതിനു അതത് പഞ്ചായത്തുകളുടെ അനുമതി വാങ്ങിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യണം. പ്രാദേശിക നികുതികൾ (Local Taxes)അടയ്ക്കുന്നതിൽ നിന്ന് സെസ്സിനെ ഒഴിവാക്കരുത്.

4. 1894 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 'പൊതു താല്പര്യ'മെന്നത് എല്ലാ ജനങ്ങളുടെയും പൊതുവായ ത്ല്പര്യത്തിന് വേണ്ടിയാണെന്ന് ഉചിതമായ മാനദണ്ഡങ്ങളിലൂടെ നിർണ്ണയിക്കണം. ഭൂമി നഷ്ടപ്പെടുന്നവർക്ക് പകരം ഭൂമിയും കമ്പോള വിലയിൽ നഷ്ടപരിഹാരവും പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പു തന്നെ വിതരണം നടത്തിയിരിക്കണം.

5. സർക്കാർ സെസ്സിനായി ഭൂമി എറ്റെടുക്കുമ്പോൾ അടിയന്തിര വ്യവസ്ഥ (Emergency clause) സെസ്സ് കേന്ദ്ര നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചതായി അറിയുന്നു. അത് പിൻവലിക്കണം. ജനങ്ങളുടെ അറിവോടു കൂടിയ സമ്മതമില്ലാതെ ഭൂമി ഏറ്റെടുക്കുന്നത് ശരിയല്ല.

6. സർക്കാർ സ്വകാര്യ സംരംഭകർക്ക് ചെയ്തു കൊടുക്കുന്ന അടിസ്ഥാന സൗകര്യങ്ങളും ഇളവുകളും കണക്കിലെടുത്ത് അതിന്റെ മൂല്യത്തിനനുസരണമായി 10 ശതമാനത്തിൽ കുറയാത്ത പ്രയത്ന ഓഹരി (Sweat equity) ഏർപ്പെടുത്തണം.

7,. സെസ്സുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സർക്കാർ സംവിധാനം ഉണ്ടാകണം. വാഗ്ദാനം ചെയ്ത തൊഴിലുകളും ഉല്പാദന പ്രവർത്തനങ്ങളും നടത്താൻ സെസ്സുകൾക്ക് സാധിച്ചില്ലെങ്കിൽ സെസ്സ് നുമതി റദ്ദുചെയ്യാനും ഏറ്റെടുത്ത ഭൂമി തിരിച്ചെടുക്കാനും വ്യവസ്ഥ ചെയ്യണം. ഒരു ബ്ലോക്ക് കാലയളവിൽ (ഉദാ : അഞ്ചു വർഷം) അനുമതി നൽകാവുന്ന സെസ്സുകളുടെ എണ്ണം നേരത്തെ ക്ലിപ്തപ്പെടുത്തണം.

8. സെസിനായി അപേക്ഷിക്കുന്നവരുടെ വിശ്വാസ്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനു ശേഷം മാത്രമേ അനുമതിക്കായി പരിഗണിക്കാവൂ. ഭൂമി കച്ചവടക്കാർക്കും റിസോർട്ടുകൾക്കും സെസ്സ് അനുവദിക്കരുത്. ഉല്പാദന മേഖലയ്ക്കും അടിസ്ഥാന വ്യവസായങ്ങൾക്കും മുൻഗണന നൽകണം.

9. ഭക്ഷ്യ സുരക്ഷിതത്ത്വം ഉറപ്പു വരുത്തുന്നതിന് ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങളും മത്സ്യബന്ധന മേഖലകളും സുരക്ഷാ ഭീഷണിയുടെ പശ്ചാത്തലത്തിൽ കടലോര മേഖലയും സെസ്സിനായി വിട്ടുകൊടുക്കരുത്.

10. ഇപ്പോൾ തന്നെ ദൗർലഭ്യം നേരിടുന്ന ജലം, വൈദ്യുതി മറ്റ് പ്രകൃതി വിഭവങ്ങൾ തുടങ്ങിയവ സൗജന്യമായി സെസ്സിന് നൽകരുത്.

11. പരിസ്ഥിതി സംരക്ഷണ നിയമങ്ങളും തീരദേശ സംരക്ഷണ നിയമങ്ങളും വന നിയമങ്ങളും പ്രത്യേക സാമ്പത്തിക മേഖലയ്ക്കും ബാധകമാക്കണം.

12. പ്രത്യേക സാമ്പത്തിക മേഖലകൾ വഴി പ്രത്യക്ഷമായും പരോക്ഷമായും നഷ്ടപ്പെടുന്ന തൊഴിലുകളുടെ കണക്കെടുക്കണം. തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസവും തൊഴിലും സെസ്സിന്റെ ഭാഗമായി പരിഗണിക്കണം.

13. മൊത്തം സെസ് ഭൂമിയുടെ 70% ഉല്പാദന ആവശ്യത്തിനായി നീക്കി വെയ്ക്കണം.

14. പ്രത്യേക സാമ്പത്തിക മേഖലയിൽ ഗോൾഫ് കോഴ്സ് അനുവദിക്കരുത്.

15. സെസ്സ് സംബന്ധിച്ച എല്ലാ അധികാരങ്ങളും ഒരു ഉദ്യോഗസ്ഥനിൽ മാത്രം കേന്ദ്രീകരിക്കരുത്. തൊഴിലാളികളുടെ സേവന വേതനങ്ങൾ ഉറപ്പുവരുത്താൻ ഒരു ലേബർ ബോർഡ് പരിഗണിക്കാവുന്നതാണ്.

16. സെസിൽ മാധ്യമ പ്രവർത്തകർക്ക് പ്രവേശനാനുമതി ഉണ്ടായിരിക്കണം.

17. സെസ്സുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ സുതാര്യമായിരിക്കണം. സെസ്സ് സംബന്ധിച്ച എല്ലാ വിവരങ്ങളും പൊതു ജനങ്ങൾക്ക് ലഭ്യമായിരിക്കണം. ഇപ്പോൾ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

മേൽപ്പറഞ്ഞ വിഷയങ്ങളിൽ കൂടുതൽ വിശദമായ ചർച്ച നടത്തുന്നതിനും വിശദാംശങ്ങൾ തരുന്നതിനും ഞങ്ങൾ തയ്യാറാണ്. നമ്മുടെ രാജ്യത്തിന്റെ പരമാധികാരവും ജനങ്ങളുടെ ക്ഷേമത്തിനും സന്തുലിതമായ വികസനത്തിനും ഭരണഘടനയുടെ അന്തസത്തയ്ക്ക് തന്നെ വിരുദ്ധമായ 2005 ലെ കേന്ദ്ര സെസ്സ് നിയമം പുനർ വിചിന്തനത്തിന് വിധേയമാക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഈ വിഷയത്തിൽ അങ്ങയുടെ സത്വര ശ്രദ്ധയും ഇടപെടലും ഉണ്ടാവുമെന്ന പ്രതീക്ഷയോടെ,

**ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം - സംസ്ഥാന സമിതി**

## സെസ്സ് നടപ്പിലാക്കരുത്

സെപ്തംബർ 19 ന് സെസ്സ് നടപ്പിലാക്കരുതെന്നാ വശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരത്ത് സെക്രട്ടറിയേ റ്റിനു മുന്നിൽ പ്രതിഷേധധർണ്ണ സംഘടിപ്പിക്കുക യുണ്ടായി. സാമ്പത്തിക ഉദാരീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന സെസ്സിനെതിരെ വളരെയധികം ജാഗ്രത പുലർത്തേണ്ടതാണെന്ന് പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്തു കൊണ്ട് ശ്രീ കാനം രാജേന്ദ്രൻ എം.എൽ.എ. പ്രസ്താവിച്ചു. സെസ്സ് നടപ്പിലാക്കുന്നതിനു മുൻപ് എല്ലാ തലങ്ങളിലും വിശദമായ ചർച്ച നടപ്പാക്കേണ്ട തുണ്ട്. തൊഴിൽ നിയമങ്ങൾ സെസ്സിൽ ബാധകമല്ലാത്ത തുകൊണ്ട് അവയെല്ലാം ഉറപ്പാക്കുന്ന ഒരു സംസ്ഥാന സെസ് നിയമം പാസ്സാക്കണമെന്നും അദ്ദേഹം സർക്കാരി നോട് ആവശ്യപ്പെട്ടു. ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ മുൻകൈയ്യിൽ സംഘടിപ്പിച്ച ധർണ്ണയിൽ കേരള സ്വതന്ത്ര മത്സ്യ തൊഴിലാളി ഫെഡ റേഷൻ, എസ്.യു.സി.ഐ., സോളിഡാരിറ്റി, കെ.എസ്. എസ്.പി., ജോയിന്റ് കൗൺസിൽ, ഇക്വേഷൻസ്, തണൽ, യുവജനതാദൾ, തീരദേശ മഹിളാവേദി തുടങ്ങി യ സംഘടനകൾ പങ്കെടുത്തു.

## എൻ.എ.പി.എം. ജനറൽ ബോഡി

ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ ത്രിദിന ജനറൽബോഡി മീറ്റിങ്ങ് മഹാരാഷ്ട്രയിലെ പൻവേലി നടുത്തുള്ള താരാ ഗ്രാമത്തിലെ യൂസഫ് മെഹറലി സെന്ററിൽ വെച്ച് നവംബർ 9, 10 തിയതികളിൽ നടന്നു. ഇന്ത്യയിലെ 15 സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. വന്ദ്യവയോധികനും പ്രമുഖ പാർലമെന്റേറിയനുമായ സുരേന്ദ്രമോഹൻ മുദ്രാവാക്യങ്ങളിൽ മുഖരിതമായ അന്തരീക്ഷത്തിൽ സമരപ്പന്തൽ ജ്വലിപ്പിച്ച് യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് ബദൽ ഗ്രാമീണ ഉൽപ്പന്നങ്ങളുടെ നിർമ്മാണ കേന്ദ്രമായ യൂസഫ് മെഹറലി സെന്ററിന്റെ മുഖ്യ സംഘാടകൻ ടി.ജി. പരീഖ്, മേധാപട്കർ തുടങ്ങിയവർ സംസാരിച്ചു. അമേരിക്കയിലെ നിയുക്ത പ്രസിഡണ്ട് ലോകസമാധാനത്തിനായി നിലകൊള്ളുമെന്ന് അമേരിക്കൻ ഭരണഘടന ഉറപ്പാക്കുന്ന സ്വാതന്ത്ര്യം, മനുഷ്യാവകാശം, സാമൂഹ്യ നീതി തുടങ്ങിയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുമെന്നും പ്രഖ്യാപിച്ചത് പ്രത്യാശ ഉളവാക്കുന്നുണ്ടെന്ന് ഉദ്ഘാടനപ്രസംഗം നടത്തിയ സുരേന്ദ്രമോഹൻ അഭിപ്രായപ്പെട്ടു.

## ഭവനരഹിത ജനകീയ കൂട്ടായ്മ

കേരള ഭവനരഹിത ജനകീയ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഭവനരഹിതർ എറണാകുളം കളക്ട്രേറ്റിനുമുമ്പിൽ ധർണ്ണ നടത്തി.ഇപ്പോൾ നിലവിലുള്ള വിവിധ പദ്ധതികളിലൂടെ ഭൂരഹിതരായവർക്ക് വീടു വെച്ചുനൽകണമെന്നാവശ്യപ്പെട്ട് കളക്ടർക്ക് നിവേദനം നൽകി. ധർണ്ണ തമിഴ്നാട് എൻ.എ.പി.എം. കോ-ഓർഡിനേറ്റർ എൻ. സുന്ദരൻ ഉദ്ഘാടനം ചെയ്തു. കൂട്ടായ്മ പ്രസിഡണ്ട് ടി.എ. ഷാജി അദ്ധ്യക്ഷനായിരുന്നു. എൻ.എ.പി.എം. ജില്ലാ കൺവീനർ വി.ഡി. മജീന്ദ്രൻ, യെൽദോ, എം.എൻ. ഗിരി, സലീം ഷുക്കൂർ, കുമ്പളം രവി എന്നിവർ സംസാരിച്ചു.